REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി:** 26-08-2024 **സമയം** 06.45 AM

## പ്രധാന വാർത്തകൾ

- നീതിന്യായ വ്യവസ്ഥയിലെ നടപടികൾ ലളിതവും വ്യക്തവുമാക്കേണ്ടത് കൂട്ടുത്തരവാദിത്തമാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.
- വയനാട്ടിൽ ഉരുൾപൊട്ടൽ ദുരന്താനന്തര ആവശ്യങ്ങൾ കണക്കാക്കുന്നതിന് പ്രത്യേക സംഘം.
- ചലചിത്ര മേഖലയിലെ വനിതകളുടെ പരാതികൾക്കായി പ്രത്യേക അന്വേഷണസംഘം രൂപീകരിച്ചു.
- ഇന്ന് ശ്രീകൃഷ്ണജയന്തി. സംസ്ഥാനത്ത് ഉച്ചകഴിഞ്ഞ് വർണാഭമായ ശോഭായാത്രകൾ സംഘടിപ്പിക്കും.
- സാഫ് അണ്ടർ-20 ഫുട്ബോൾ സെമിഫൈനലിൽ ഇന്ത്യ ഇന്ന് നേപ്പാളിനെ നേരിടും.

## വാർത്തകൾ വിശദമായി

ജനങ്ങൾക്ക് നീതി ലഭിക്കാനാവശ്യമായ നടപടിക്രമങ്ങൾ ലളിതമാക്കാൻ ഗവൺമെന്റ് ചരിത്രപരവും നിർണായകവുമായ നടപടികൾ എടുത്തിട്ടുണ്ടെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞു. കാലഹരണപ്പെട്ട ഒട്ടേറെ നിയമങ്ങൾ റദ്ദാക്കിയിയിട്ടുണ്ടെന്നും ക്രിമിനൽ നിയമങ്ങളിൽ അടുത്തിടെ വരുത്തിയ മാറ്റങ്ങൾ കാലഘട്ടത്തിന്റെ ആവശ്യമായിരുന്നു എന്നും പ്രധാനമന്ത്രി അഭിപ്രായപ്പെട്ടു. നീതിന്യായ വ്യവസ്ഥയിലെ നടപടികൾ കഴിയുന്നത്ര ലളിതവും വ്യക്തവുമാക്കുകയെന്നത് കൂട്ടുത്തരവാദിത്വമാണെന്നും അദ്ദേഹം വ്യക്തമാക്കി. ജോധ്പൂരിൽ രാജസ്ഥാൻ ഹൈക്കോടതിയുടെ പ്ലാറ്റിനം ജൂബിലി ആഘോഷ സമാപന ചടങ്ങിൽ സംസാരിക്കുകയായിരുന്നു പ്രധാനമന്ത്രി.

നീതിന്യായ വ്യവസ്ഥയിൽ സാങ്കേതിക വിദ്യ പ്രധാനപങ്ക് വഹിക്കുന്നുണ്ടെന്നും ഇതിന്റെ ഏറ്റവും വലിയ ഉദാഹരമാണ് E-കോടതി പദ്ധതിയെന്നും പ്രധാനമന്ത്രി ഓർമ്മിപ്പിച്ചു. രാജ്യത്തെ പതിനെണ്ണായിരം കോടതികൾ കമ്പ്യൂട്ടർവൽക്കരിച്ചിട്ടുണ്ടെന്നും ഈ മാറ്റങ്ങൾ സാധാരണ പൗരന് വലിയ ആശ്വാസം നൽകിയിട്ടുണ്ടെന്നും മോദി പറഞ്ഞു. രാജസ്ഥാൻ ഹൈക്കോടതി മ്യൂസിയവും പ്രധാനമന്ത്രി ചടങ്ങിൽ ഉദ്ഘാടനം ചെയ്തു.

✪✪✪

വയനാട് ഉരുൾപൊട്ടൽ ദുരിതബാധിതരുടെ പുനരധിവാസം ചർച്ച ചെയ്യാൻ മുഖ്യമന്ത്രി പിണറായി വിജയൻ ഈ മാസം 29 -ന് സർവ്വകക്ഷി യോഗം വിളിച്ചു. ഓൺലൈനായി ചേരുന്ന യോഗത്തിൽ മന്ത്രിമാരും, ചീഫ് സെക്രട്ടറി, അഡീഷണൽ ചീഫ് സെക്രട്ടറിമാർ തുടങ്ങിയവരും പങ്കെടുക്കും.

✪✪✪

വയനാട് ഉരുൾപൊട്ടൽ മേഖലയിലെ ദുരന്താനന്തര ആവശ്യങ്ങൾ കണക്കാക്കുന്നതിന് ഗവൺമെന്റ് പ്രത്യേക സംഘം രൂപീകരിച്ചു. ദുരന്തത്തിലെ നാശനഷ്ട കണക്കെടുക്കാനും, പുനർനിർമ്മാണ പ്രവർത്തനങ്ങൾക്ക് നിർദ്ദേശം നൽകാനുമാണ് സംഘം രൂപീകരിച്ചത്. സംഘത്തിന്റെ പ്രവർത്തനങ്ങൾ ഇന്ന് മുതൽ ഈ മാസം 31 വരെ തുടരും. ദുരന്ത നിവാരണ കമ്മീഷണർ കൂടിയായ പ്രിൻസിപ്പൽ സെക്രട്ടറിയ്ക്കാണ് ഇതിന്റെ മേൽനോട്ടം.

✪✪✪

വയനാട് മുണ്ടക്കൈ ദുരന്തത്തിൽ കാണാതായവർക്ക് വേണ്ടി ചാലിയാർ പുഴയിലെ തിരച്ചിൽ 26 ദിവസം പിന്നിട്ടു. ചാലിയാർ തീരത്ത് പുതുതായി രൂപപ്പെട്ട മൺതിട്ടകൾക്കടിയിൽ മാത്രമേ ഇനി അവശിഷ്ടങ്ങൾ കണ്ടെത്താൻ കഴിയൂ എന്ന വിലയിരുത്തലിലാണ് അന്വേഷണ സംഘം. എന്നാൽ വ്യക്തമായ നിർദ്ദേശം ലഭിക്കുന്നതുവരെ ഇപ്പോഴത്തെ തിരച്ചിൽ തുടരാനാണ് പൊലീസിന്റെ തീരുമാനം.

✪✪✪

വയനാട് മുണ്ടക്കൈ-ചൂരൽമല ഉരുൾപൊട്ടലിൽ കാണാതായവർക്കായി നടത്തിയ പ്രത്യേക തിരച്ചിലിൽ കണ്ടെത്തിയ ആറ് ശരീര ഭാഗങ്ങൾ മനുഷ്യ ശരീരത്തിന്റേതാണോ എന്ന് സ്ഥിരീകരിക്കാൻ നടപടിയെടുക്കുമെന്ന് മന്ത്രി A.K ശശീന്ദ്രൻ അറിയിച്ചു. ഇന്നും തിരച്ചിൽ തുടരുമെന്നും മന്ത്രി പറഞ്ഞു. രാവിലെ വയനാട് കളക്ടറേറ്റിൽ ചേരുന്ന യോഗത്തിനുശേഷം തിരച്ചിൽ പ്രദേശങ്ങളിൽ മന്ത്രി സന്ദർശനം നടത്തും.

✪✪✪

**ചലചിത്ര മേഖലയിലെ വനിതകളുടെ ദുരനുഭവങ്ങളും പരാതികളും വെളിപ്പെടുത്തലുകളും സംബന്ധിച്ച് അന്വേഷണത്തിന് പ്രത്യേക അന്വേഷണസംഘം രൂപീകരിച്ചു. പൊലീസ് IG സ്പർജൻ കുമാറിന്റെ നേതൃത്വത്തിൽ, ഉയർന്ന വനിതാ പൊലീസ് ഓഫീസർമാർ പ്രത്യേക അന്വേഷണസംഘത്തിലുണ്ട്.**

**മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ചേർന്ന ഉന്നത പോലീസ് ഉദ്യോഗസ്ഥരുടെ യോഗത്തിലാണ് തീരുമാനം. പ്രത്യേക അന്വേഷണ സംഘത്തിന് ക്രൈംബ്രാഞ്ച് ADGP H.വെങ്കിടേഷ് മേൽനോട്ടം വഹിക്കും.**

**✪✪✪**

**കേരളത്തിൽ സ്ത്രീസുരക്ഷ അവതാളത്തിലാണെന്നും മുഖ്യമന്ത്രി ആഭ്യന്തര വകുപ്പ് ഒഴിയണമെന്നും BJP സംസ്ഥാന പ്രസിഡണ്ട് K സുരേന്ദ്രൻ ആവശ്യപ്പെട്ടു. നടൻ സിദ്ദിഖിനെതിരെ പൊലീസിൽ പരാതി നൽകിയിട്ടും തുടർനടപടിയുണ്ടായില്ലെന്ന് അതിജീവിത പറഞ്ഞതായി സുരേന്ദ്രൻ അറിയിച്ചു. ഇക്കാര്യത്തിൽ ആഭ്യന്തര വകുപ്പിന്റെ ചുമതലക്കാരനായ മുഖ്യമന്ത്രി മറുപടി പറയണം. കേരളത്തിൽ ഇക്കാര്യത്തിൽ CPIM ഉം മൗനം പാലിക്കുകയാണെന്ന് സുരേന്ദ്രൻ കുറ്റപ്പെടുത്തി.**

**✪✪✪**

**നടപ്പു സാമ്പത്തികവർഷം ഇന്ത്യയിലെ മത്സ്യോത്പാദനം 22 ദശലക്ഷം ടണ്ണിലെത്തിക്കാനാണ് ഗവൺമെന്റ് ലക്ഷ്യമിടുന്നതെന്ന് കേന്ദ്രസഹമന്ത്രി പ്രൊഫസർ SP സിംഗ് ബാഗേൽ പറഞ്ഞു. കൊച്ചി CMFRI യിൽ കേന്ദ്രഫിഷറീസ് സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യുകയായിരുന്നു അദ്ദേഹം. ഇതുവരെ മൂന്ന് ലക്ഷത്തിലേറെ കിസാൻ ക്രെഡിറ്റ് കാർഡുകൾ മത്സ്യ കർഷകർക്കും തൊഴിലാളികൾക്കും വിതരണം ചെയ്തതായി പ്രൊഫസർ ബാഗേൽ അറിയിച്ചു.**

**✪✪✪**

**ഏകീകൃത പെൻഷൻ പദ്ധതിയ്ക്ക് അംഗീകാരം നൽകിയ കേന്ദ്രനടപടിയെ BJP സ്വാഗതം ചെയ്തു. ജീവനക്കാരുടെ ആവശ്യങ്ങളോട് അനുകൂലമായ നിലപാടെടുത്ത് പ്രധാനമന്ത്രി നരേന്ദ്രമോദി നിയോഗിച്ച കമ്മിറ്റിയുടെ റിപ്പോർട്ട് ഗവൺമെന്റ് അംഗീകരിക്കുകയായിരുന്നുവെന്ന് മുതിർന്ന പാർട്ടി നേതാവ് രവിശങ്കർ പ്രസാദ് ന്യൂഡൽഹിയിൽ പറഞ്ഞു.**

**✪✪✪**

**ഇന്ന് ശ്രീകൃഷ്ണജയന്തി. ഉത്തർപ്രദേശിലെ മഥുരയിലും വൃന്ദാവനത്തിലും വിപുലമായ ആഘോഷങ്ങൾ സംഘടിപ്പിച്ചിട്ടുണ്ട്. രാജ്യവ്യാപകമായി ജയന്തി ആഘോഷങ്ങൾക്ക് തുടക്കമായി.**

**ഡെസ്ക്ക് റിപ്പോർട്ട്**

........(വോയ്സ്)....

സംസ്ഥാനത്ത് ഗുരുവായൂർ ഉൾപ്പെടെ പ്രധാന ശ്രീകൃഷ്ണ ക്ഷേത്രങ്ങളിലും ആഘോഷങ്ങൾക്ക് വിപുലമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തി. ഗുരുവായൂരപ്പന്റെ പിറന്നാൾ ദിനത്തിൽ ക്ഷേത്ര ദർശനത്തിനെത്തുന്ന എല്ലാ ഭക്തർക്കും വിശേഷാൽ പ്രസാദ ഊട്ട് നൽകും.

ആറന്മുള പാർഥസാരഥി ക്ഷേത്രത്തിൽ പ്രസിദ്ധമായ അഷ്ടമിരോഹിണി വള്ളസദ്യ ഇന്നാണ്. കേന്ദ്രസഹമന്ത്രി സുരേഷ് ഗോപി നാക്കിലയിൽ സദ്യ വിളമ്പി വള്ളസദ്യ ഉദ്ഘാടനം ചെയ്യും.

ശ്രീകൃഷ്ണ ജയന്തി ആഘോഷങ്ങളുടെ ഭാഗമായി കോഴിക്കോട് നഗരത്തിൽ മഹാശോഭ യാത്ര ശ്രീകണ്ഠേശ്വര ക്ഷേത്ര പരിസരത്ത് നിന്ന് ഉച്ച കഴിഞ്ഞ് മൂന്നരയ്ക്ക് ആരംഭിക്കും. നടനും സംവിധായകനുമായ മേജർ രവി ഉദ്ഘാടനം ചെയ്യും. മുതലക്കുളം അന്നപൂർണേശ്വരി ക്ഷേത്ര പരിസരത്ത് ഒരുക്കുന്ന അമ്പാടിയിൽ യാത്ര സമാപിക്കും.

കണ്ണൂർ ജില്ലയിലെ ചിറയ്ക്കൽ കടലായി ശ്രീകൃഷ്ണക്ഷേത്രം, തളിപറമ്പ് തൃച്ഛമ്പരം, മീങ്കുളം ക്ഷേത്രം എന്നിവിടങ്ങളിൽ പുലർച്ചെ തന്നെ തിരക്കാണ്. വൈകിട്ട് വിളക്കുന്തറ മൈതാനത്തു നിന്നാരംഭിക്കുന്ന ശോഭായാത്ര അമൃതാനന്ദമയി മഠാധിപതി അമൃതകൃപാനന്ദ പുരി ഉദ്ഘാടനം ചെയ്യും.

✪✪✪

CBSE വെബ്സൈറ്റിൽ കേരളത്തിലെ പ്ലസ് ടു കോഴ്സിനെ കേരള ബോർഡ് ഓഫ് ഹയർസെക്കണ്ടറി എജ്യൂക്കേഷൻ എന്ന് രേഖപ്പെടുത്തിയതു മൂലമുണ്ടായ പ്രശ്നങ്ങൾ പരിഹരിക്കാൻ പൊതു വിദ്യാഭ്യാസ പ്രിൻസിപ്പൽ സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്ന് മന്ത്രി V ശിവൻകുട്ടി അറിയിച്ചു. കേരള ബോർഡ് ഓഫ് ഹയർസെക്കണ്ടറി എക്സാമിനേഷൻ എന്നാണ് പ്ലസ് ടു സർട്ടിഫിക്കറ്റുകളിൽ ചേർത്തിരിക്കുന്നത്. ഡൽഹി സർവകലാശാലയിൽ ചില വിദ്യാർത്ഥികൾക്ക് ഇതുമൂലം ചില പ്രശ്നങ്ങൾ നേരിട്ട സാഹചര്യത്തിലാണ് നടപടിയെന്ന് മന്ത്രി തിരുവനന്തപുരത്ത് പറഞ്ഞു.

✪✪✪

സാഫ് അണ്ടർ-20 ഫുട്ബോളിൽ ഇന്ത്യ സെമിഫൈനലിൽ ഇന്ന് നേപ്പാളിനെ നേരിടും. ഉച്ചകഴിഞ്ഞ് 2.45 ന് കാഠ്മണ്ഡുവിലെ ANFA സമുച്ചയത്തിലാണ് മത്സരം. ഗ്രൂപ്പ് B യിൽ ഭൂട്ടാനെയും, മാലദ്വീപിനെയും തോൽപ്പിച്ചാണ് ഇന്ത്യ സെമിയിലെത്തിയത്.

✪✪✪

പാരീസ് പാരാലിമ്പിക്സ് മറ്റന്നാൾ ആരംഭിക്കും. 84 അത്‌ലറ്റുകളടങ്ങുന്ന സംഘമാണ് ഇന്ത്യയ്ക്ക് വേണ്ടി മത്സരിക്കുന്നത്. കേന്ദ്ര യുവജനകാര്യ-കായിക മന്ത്രി ഡോ. മൻസുഖ് മാണ്ഡവ്യ ഇന്ത്യൻ സംഘത്തിന്

ആശംസകൾ അറിയിച്ചു. "Cheer for Bharat" എന്ന ആശംസകളോടെ കായികതാരങ്ങളെ പ്രോത്സാഹിപ്പിക്കണമെന്ന് ഡോ മാണ്ഡവ്യ സാമൂഹ്യമാധ്യമത്തിലൂടെ അഭ്യർത്ഥിച്ചു.

✪✪✪

ഈ വർഷത്തെ U S ഓപ്പൺ ടെന്നീസ് ടൂർണമെന്റിന് ഇന്ന് ന്യൂയോർക്കിൽ തുടക്കമാവും. രണ്ട് തവണ ഗ്രാൻഡ് സ്ലാം ചാമ്പ്യനായ രോഹൻ ബൊപ്പണ്ണയും, ടെന്നീസ് റാങ്കിംഗിൽ 72-ാം സ്ഥാനക്കാരനായ സുമിത് നാഗലുമാണ് ഇന്ത്യയ്ക്ക് വേണ്ടി കളിക്കുന്നത്..

✪✪✪

ഓൺലൈൻ സാമ്പത്തിക തട്ടിപ്പിൽപ്പെട്ടവർക്ക് തുക പൂർണമായി തിരിച്ചു നൽകാമെന്ന പേരിൽ തട്ടിപ്പു നടത്തുന്ന സംഘങ്ങൾക്കെതിരെ ജാഗ്രത പുലർത്തണമെന്ന് പൊലീസ് മുന്നറിയിപ്പു നൽകി. ഓൾ ഇന്ത്യ ലീഗൽ സർവീസസ് അതോറിറ്റി എന്ന സംഘടന ഇത്തരം വാഗ്ദാനങ്ങളുമായി തട്ടിപ്പിനിരയായവരെ സമീപിക്കുന്നത് ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്നാണ് മുന്നറിയിപ്പ്. നഷ്ടമായ തുക തിരികെ കിട്ടാൻ രജിസ്ട്രേഷൻ തുക ആവശ്യപ്പെട്ട് വാട്ട്സ് ആപ്പ് കോളുകൾ വഴിയാണ് തട്ടിപ്പ്.

✪✪✪

കഴക്കൂട്ടത്ത് നിന്ന് കാണാതായ 13 കാരിയുമായി കേരള പൊലീസ് സംഘം തിരുവനന്തപുരത്ത് തിരിച്ചെത്തി. കുട്ടിയെ ശിശുക്ഷേമ സമിതി ഏറ്റെടുത്ത് സുരക്ഷാ കേന്ദ്രത്തിലേക്ക് മാറ്റി. ഇന്ന് CWC പ്രത്യേക സിറ്റിങ്ങിൽ കുട്ടിയെ ഹാജരാക്കും. തുടർന്ന് കുട്ടിയുടെ മൊഴി രേഖപ്പെടുത്തും. കുട്ടിയുടെ മാതാ പിതാക്കളെയും മൊഴിയെടുപ്പിനായി കൊണ്ടുവരും. കഴിഞ്ഞ ചൊവ്വാഴ്ച അമ്മ വഴക്കു പറഞ്ഞതിനെ തുടർന്ന് വീടുവിട്ടിറങ്ങിയ കുട്ടിയെ ബുധനാഴ്ച വിശാഖപട്ടണത്ത് കണ്ടെത്തുകയായിരുന്നു.

✪✪✪

പ്രമുഖ പത്ര പ്രവർത്തകനും കോട്ടയം പ്രസ്ക്ലബ് മുൻ പ്രസിഡന്റുമായ മണർകാട് മാത്യു കോട്ടയത്ത് അന്തരിച്ചു. അദ്ദേഹത്തിന് 89 വയസ്സായിരുന്നു. 43 വർഷം മലയാള മനോരമയിലും അനുബന്ധ പ്രസിദ്ധീകരണങ്ങളിലും പ്രവർത്തിച്ചിട്ടുണ്ട്. സംസ്കാരം മറ്റന്നാൾ രാവിലെ മണർകാട് യാക്കോബായ സുറിയാനി കത്തീഡ്രലിൽ നടത്തും.

✪✪✪

ഇന്നലെ അന്തരിച്ച മുതിർന്ന ഫോട്ടോഗ്രാഫർ T.മോഹൻദാസിന്റെ മൃതദേഹം കോഴിക്കോട് പുതിയ പാലം ശ്മശാനത്തിൽ സംസ്കരിച്ചു. സർജറിയെത്തുടർന്ന് സ്വകാര്യ ആശുപത്രിയിൽ ചികിത്സയിലിരിക്കെ ഇന്നലെ ഉച്ചയോടെയായിരുന്നു അന്ത്യം. മംഗളം, ദീപിക, PTI എന്നീ

സ്ഥാപനങ്ങളിൽ ഫോട്ടോഗ്രാഫറായി പ്രവർത്തിച്ചിട്ടുണ്ട്. രണ്ടു തവണ സംസ്ഥാന അവാർഡും, സ്പോർട്സ് ഫോട്ടോഗ്രഫി അവാർഡും അടക്കം നിരവധി പുരസ്കാരങ്ങൾ നേടിയിട്ടുണ്ട്. പത്രപ്രവർത്തക യൂണിയൻ കോഴിക്കോട് ജില്ലാ കമ്മിറ്റിയും, സീനിയർ ജേർണലിസ്റ്റ് ഫോറവും പ്രസ്ക്ലബ് ഹാളിൽ രാവിലെ അനുശോചനയോഗം ചേരും.

✪✪✪

കാഞ്ഞങ്ങാട്ട് ഇന്നലെ രാത്രി KSRTC ബസ്സിടിച്ച് ബൈക്കിൽ നിന്നും തെറിച്ചു വീണ യുവാവ് മറ്റൊരു ബസ് കയറി മരിച്ചു. പടന്നക്കാട് മേൽപാലത്തിന് മുകളിലുണ്ടായ അപകടത്തിൽ കാസർഗോഡ് ബേഡകത്തെ ശ്രീനേഷാണ് മരിച്ചത്.

✪✪✪

ദേശീയ പാതയിൽ കണ്ണൂർ ധർമ്മടത്ത് ഇന്നലെ അർദ്ധരാത്രിയോടെ ഫയർ എൻജിനും ആംബുലൻസും കൂട്ടിയിടിച്ച് ആംബുലൻസ് ഡ്രൈവർ മരിച്ചു. ഏഴോം കൊട്ടില സ്വദേശി മിഥുൻ ആണ് മരിച്ചത്. ആംബുലൻസിലുണ്ടായിരുന്ന മൂന്നു പേരെ പരിക്കുകളോടെ തലശ്ശേരി സഹകരണ ആസ്പത്രിയിൽ പ്രവേശിപ്പിച്ചു.

✪✪✪

സംസ്ഥാനത്ത് മറ്റന്നാൾ വരെ മഴ തുടർന്നേക്കുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. ഇന്ന് കോഴിക്കോട്, കണ്ണൂർ, കാസർക്കോട് ജില്ലകളിൽ മഞ്ഞ ജാഗ്രതാ നിർദ്ദേശം നൽകി.

✪✪✪